# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4022 27.6.2012-ൽ മറുപടിയ്ക്ക്

# റാന്നി നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |

(എ) റാന്നി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ഏതൊക്കെ കുടിവെള്ള പദ്ധതികളാണ് എസ്. എൽ. ഇ. സി. യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എ) റാന്നി നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന പദ്ധതികളുടെ പ്രൊപ്പോസൽ 1.6.2012-ൽ കൂടിയ എസ്. എൽ. എസ്.എസ്. സി. യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

1. അയിരൂർ - കഞ്ഞീറ്റുകര കുടിവെള്ളപദ്ധതി— 2565.00 ലക്ഷം
2. എഴുമറ്റൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി — ഫേസ്-2 — 1408.00 ലക്ഷം
3. പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതി - ഫേസ്-2 — 1583.50 ലക്ഷം

(ബി) പെരുനാട്–അത്തിക്കയം–എഴുമറ്റൂർ പദ്ധതികൾക്ക് ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം എത്ര കോടി രൂപ വീതം വേണ്ടിവരുമെന്ന് അറിയിക്കുമോ;

(ബി) താഴെ പറയുന്ന പദ്ധതികൾക്ക് 3.10.2011-ൽ നടന്ന എസ്.എൽ.എസ്.എസ്.സിയിൽ അനുമതി ലഭിച്ച് ഭരണാനുമതി നല്കിയിട്ടുണ്ട്.

1. പെരുനാട് - അത്തിക്കയം കുടിവെള്ള പദ്ധതി - ഫേസ് -1 — 1400.00 ലക്ഷം
2. എഴുമറ്റൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി — ഫേസ്- 1 — 600.00 ലക്ഷം

ഇവയുടെ ഫേസ്-2 പദ്ധതികൾക്ക് ഡി.ഇ.ആർ തയ്യാറാക്കിയിട്ടുണ്ട്.

1. പെരുനാട്-അത്തിക്കയം കടിവെള്ള പദ്ധതി - ഫേസ് - 2 – 1583.50 ലക്ഷം
2. എഴുമറ്റൂർ പഞ്ചായത്തിലേക്കുള്ള കടിവെള്ള പദ്ധതി – ഫേസ്- 2 – 1408.00 ലക്ഷം

| | | | |
|---|---|---|---|
| (സി) | അയിരൂർ പദ്ധതിക്ക് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഏറ്റവുമൊടുവിൽ ചേർന്ന എസ്. എൽ. ഇ. സി.യിൽ ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് പദ്ധതിയുടെ പേരും തുകയും സഹിതം വ്യക്തമാക്കുമോ? | (സി) | അയിരൂർ, കഞ്ഞീറ്റുകര പദ്ധതിയ്ക്ക് 2565 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>1.6.2012-ൽ നടന്ന എസ്.എൽ.എസ്.എസ്.സിയിൽ റാന്നി നിയോജക മണ്ഡലത്തിലെ പദ്ധതികൾക്ക് ഫണ്ടിന്റെ അഭാവം മൂലം അനുമതി നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ